(സി) 2004-2005 സാമ്പത്തിക വർഷം 28-2-2005 വരെ കേന്ദ്ര പൂളിൽ നിന്നും പ്രതിമാസം സംസ്ഥാനത്തിന് ലഭിച്ച കേന്ദ്ര വൈദ്യുതി ശരാശരി 470 Mu ആണ്.

(ഡി) വൈദ്യുതിയുടെ ഉൽപ്പാദന ചെലവും വാങ്ങുന്ന വൈദ്യുതിയുടെ വിലയും കുറച്ചുകൊണ്ടുവരാൻ താഴെ പറയുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്.

1. ജലവൈദ്യുതിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

2. കായംകുളത്തു നിന്നുള്ള 180 MW വൈദ്യുതിയോടൊപ്പം പൂർവ്വ മേഖലയിൽ നിന്നും 110 MW വിലകുറവുള്ള വൈദ്യുതി ലഭ്യമാക്കാൻ നടപടികൾ എടുത്തുവരുന്നു.

3. താപനിലയങ്ങളായ NTPC, കായംകുളം, BSES എന്നിവയുടെ ഇന്ധനം നാഫ്തയിൽ നിന്നും LNG-യിലേയ്ക്ക് ലഭ്യതയനുസരിച്ച് മാറ്റാൻ ആലോചിക്കുന്നു.

4. കായംകുളം നിലയത്തിന്റെ നിലവിലുള്ള ശേഷിയുടെ പകുതി തമിഴ്നാടിന് നൽകുക വഴി ഫിക്സഡ് കോസ്റ്റ് ബാധ്യത സംസ്ഥാനത്തിന് കുറയുന്നു.

5. കായംകുളം നിലയത്തിലെ മുടക്കുമുതലിനോടുള്ള ലാഭവിഹിതം, വായ്പയുടെ പലിശനിരക്ക്, ഇൻസെന്റീവ് എന്നിവയുടെ നിരക്ക് കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ എടുത്തുകഴിഞ്ഞു.

6. ഉയർന്ന പലിശ നിരക്കുള്ള വായ്പകൾക്ക് പകരം കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

"കാർഷിക കയറ്റുമതി മേഖലാ പദ്ധതി"

*18 [577] ശ്രീ. പി. സി. ജോർജ്:
ഡോ. തോമസ് ഐസക്:
ശ്രീ. എ. സി. മൊയ്തീൻ:
,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിളകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് കാർഷിക കയറ്റുമതി മേഖലാ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഔഷധ സസ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പുഷ്പങ്ങൾ എന്നിവയ്ക്കായി കാർഷിക കയറ്റുമതി മേഖലകൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുവാൻ വിപണി ഇടപെടൽ പദ്ധതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അഗ്രി എക്സ്പോർട്ട് സോണിൽ കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്ത് വാഴ, കൈതച്ചക്ക, തനതു പച്ചക്കറികൾ എന്നീ വിളകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് കാർഷിക കയറ്റുമതി മേഖലാ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ഔഷധ സസ്യങ്ങൾക്കു വേണ്ടിയുള്ള കാർഷിക കയറ്റുമതി മേഖലാ പദ്ധതി നടപ്പിലാക്കുന്നതിനായി 1-1-2005-ൽ കേന്ദ്ര സർക്കാരിനുവേണ്ടി എ.പി.ഇ.ഡി.എ. (APEDA)-യുമായി സംസ്ഥാന സർക്കാർ ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ട്. ഇത് നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. സുഗന്ധ വ്യഞ്ജനങ്ങൾക്കുവേണ്ടി കാർഷിക കയറ്റുമതിക്കുള്ള പദ്ധതി റിപ്പോർട്ട് കേരള സർക്കാർ കേന്ദ്രത്തിനു സമർപ്പിച്ചിട്ടുണ്ട്. പുഷ്പകൃഷിക്കുള്ള കാർഷിക കയറ്റുമതി മേഖലയുടെ പദ്ധതി തയ്യാറാക്കി വരുന്നു.

ഔഷധ സസ്യങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, പുഷ്പങ്ങൾ എന്നിവയ്ക്കായി രൂപീകരിക്കുന്ന മൂന്നു കാർഷിക കയറ്റുമതി മേഖലകൾക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഔഷധ സസ്യങ്ങൾക്കുവേണ്ടിയുള്ള കാർഷിക കയറ്റുമതി മേഖലാ പദ്ധതി കേന്ദ്ര-സംസ്ഥാന തലത്തിലുള്ള വിവിധ ഏജൻസികളേയും വിവിധ സ്കീമുകളെയും സംയോജിപ്പിച്ചു കൊണ്ടുള്ളതാണ്. ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ 9 ജില്ലകളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) നാണ്യവിളയായ കുരുമുളക്, കാപ്പി, അടയ്ക്ക, ഭക്ഷ്യവിളയായ നെല്ല് എന്നിവയുടെ വില ക്രമാതീതമായി കുറയുന്നതു തടയുന്നതിനും ന്യായവില ഉറപ്പാക്കുന്നതിനുമായി സർക്കാർ സംഭരണ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് പദ്ധതി പ്രകാരം അടയ്ക്ക, കുരുമുളക് എന്നീ ഉൽപ്പന്നങ്ങളും ഭക്ഷ്യവിളയായ നെല്ലും സംഭരിക്കാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. 30-10-2004-ലെ സർക്കാർ ഉത്തരവ് നമ്പർ. 221/04/എ.ഡി. പ്രകാരം അടയ്ക്കാ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി കാംപ്കോ വഴി അടയ്ക്ക സംഭരണം നടത്തി വരുന്നു. ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കുരുമുളക് കർഷകരെ സഹായിക്കുന്നതിനായി കുരുമുളക് സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി 6 കോടി ചെലവഴിക്കുന്നതാണ്. ഭക്ഷ്യ വിളയായ നെല്ലിന്റെ വില കൊയ്ത്ത് കാലത്ത് ക്രമാതീതമായി കുറയുന്നതു മൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും പൊതു വിപണിയിൽ അരിയുടെ വില നിയന്ത്രിക്കുന്നതിനുമായി ആലപ്പുഴ, പത്തനംതിട്ട, പാലക്കാട്, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിൽ നെല്ല് സംഭരണ പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

(ഡി) കാസർകോഡ് ജില്ല ഒഴികെ മറ്റ് എല്ലാ ജില്ലകളും ഒന്നോ അതിൽ കൂടുതലോ കയറ്റുമതി മേഖലകളിൽ ഉൾപ്പെടുന്നുണ്ട്. ടി സാഹചര്യത്തിൽ കൂടുതൽ പ്രദേശങ്ങൾ അഗ്രി എക്സ്പോർട്ട് സോണിൽ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാൻ നടപടി

*19 [579] ശ്രീ. രാജു എബ്രഹാം:
,, എം. വി. ജയരാജൻ:
,, ടി. പി. രാമകൃഷ്ണൻ:
,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രസരണ-വിതരണ നഷ്ടം വർഷംതോറും 3 ശതമാനം കുറച്ചുകൊണ്ടുവരുമെന്ന് പ്രഖ്യാപിക്കുകയുണ്ടായോ;

(ബി) പ്രസരണ-വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്;

(സി) തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാതിരുന്നത് ഏതെല്ലാം കാരണങ്ങൾ കൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന വർഷത്തെ ഇലക്ട്രിസിറ്റി ബോർഡിന്റെ ബഡ്ജറ്റ് പ്രകാരം ടി.ഡി. ലോസ് എത്രയായിരുന്നു; ഏറ്റവും ഒടുവിലത്തെ ബഡ്ജറ്റ് രേഖകൾ പ്രകാരം ടി.ഡി. ലോസ് എത്രയാണ്;

(ഇ) ഈ സർക്കാരിന് അവശേഷിക്കുന്ന കാലയളവിനുള്ളിൽ ടി.ഡി. ലോസ് എത്ര ശതമാനം കുറയ്ക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) പ്രതിവർഷം 3 ശതമാനം വീതം പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാനായി സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മീഷൻ ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly